പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 286

# 2014-ലെ കേരള ജലവിതരണവും അഴുക്കുചാലും സംബന്ധിച്ച (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2014

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 286

**2014-ലെ കേരള ജലവിതരണവും അഴുക്കുചാലും സംബന്ധിച്ച (ഭേദഗതി) ബിൽ**

616/2014.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 286

# 2014-ലെ കേരള ജലവിതരണവും അഴുക്കുചാലും സംബന്ധിച്ച (ഭേദഗതി) ബിൽ

1986-ലെ കേരള ജലവിതരണവും അഴുക്കുചാലും സംബന്ധിച്ച ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

## ബിൽ

പീഠിക.—1986-ലെ കേരള ജലവിതരണവും അഴുക്കുചാലും സംബന്ധിച്ച ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയഞ്ചാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2014-ലെ കേരള ജലവിതരണവും അഴുക്കുചാലും സംബന്ധിച്ച (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 15-ാം വകുപ്പിന്റെ ഭേദഗതി.—1986-ലെ കേരള ജലവിതരണവും അഴുക്കുചാലും സംബന്ധിച്ച ആക്റ്റിലെ (1986-ലെ 14) 15-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ,—

(എ) (ii)-ാം ഖണ്ഡത്തിന്റെ ക്ലിപ്ത നിബന്ധനയിൽ, "അഞ്ച് കോടി രൂപ" എന്ന വാക്കുകൾക്ക് പകരം "പത്ത് കോടി രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (iv)-ാം ഖണ്ഡത്തിന്റെ ക്ലിപ്ത നിബന്ധനയിൽ, "അഞ്ച് കോടി രൂപ" എന്ന വാക്കുകൾക്ക് പകരം "പത്ത് കോടി രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1986-ലെ കേരള ജലവിതരണവും അഴുക്കുചാലും സംബന്ധിച്ച ആക്റ്റിലെ (1986-ലെ 14) 15-ാം വകുപ്പ് പ്രകാരം, അഞ്ച് കോടി രൂപയിൽ കൂടുതൽ ചെലവു വരുന്ന പദ്ധതികൾ അനുവദിക്കുന്നതിനുള്ള അധികാരവും അഞ്ച് കോടി രൂപയിൽ കൂടുതൽ ഉൾപ്പെടുന്ന ഏതെങ്കിലും കരാറിലോ ഉടമ്പടിയിലോ ഏർപ്പെടുന്നതിനുള്ള അധികാരവും സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി മാത്രമേ

കേരള വാട്ടർ അതോറിറ്റിക്ക് വിനിയോഗിക്കാൻ സാധിക്കുകയുള്ളൂ. അടുത്തകാലത്തായി, വിതരണം ചെയ്യുന്നതിന്റെയും ഇടുന്നതിന്റെയും അടിസ്ഥാനത്തിലാണ് മിക്കവാറും പൈപ്പ് ഇടൽ ജോലികൾ കേരള വാട്ടർ അതോറിറ്റി നിർവ്വഹിച്ചുവരുന്നത്, അതിൽ പൈപ്പുകളുടെ വിലയും ഇടുന്ന ചെലവുകളും ഉൾപ്പെടുന്നതുമാണ്. അസംസ്കൃത വസ്തുക്കളുടെ വിലയിലെ കുത്തനെയുള്ള വർദ്ധനവ്, തൊഴിൽവേതനത്തിലെയും ഗതാഗതചെലവിലെയും വർദ്ധനവ് എന്നിവകാരണം പൈപ്പുകളുടെ വില വർദ്ധിച്ചിരിക്കുകയാണ്. അക്കാരണത്താൽ, കരാർ ജോലികളുടെ തുക അതിനനുസൃതമായി ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. കൂടാതെ, സ്റ്റീൽ, സിമന്റ്, മണൽ തുടങ്ങിയ വസ്തുക്കളുടെ വിലയിലുണ്ടായ വർദ്ധനവ് സാധാരണ എടുപ്പുകളുടെ നിർമ്മാണ ചെലവ് ക്രമാതീതമായി ഉയരുവാനിടയാക്കി. ആയതിനാൽ, പദ്ധതികൾക്ക് അനുമതി നൽകുന്നത് സംബന്ധിച്ചും അതുപോലെ, കരാറുകളിലോ ഉടമ്പടികളിലോ ഏർപ്പെടുന്നതു സംബന്ധിച്ചും ഉള്ള സാമ്പത്തികപരിധി അഞ്ച് കോടി രൂപയിൽ നിന്നും പത്ത് കോടി രൂപയാക്കി വർദ്ധിപ്പിക്കുന്നതിനായി പ്രസ്തുത ആക്റ്റിൽ ഉചിതമായ ഭേദഗതികൾ വരുത്തുവാൻ കേരള വാട്ടർ അതോറിറ്റി സർക്കാരിന് നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ ലക്ഷ്യം കൈവരിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽനിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

പി. ജെ. ജോസഫ്.

(ശരിത്തർജ്ജമ)

## 1986-ലെ കേരള ജലവിതരണവും അഴുക്കുചാലും സംബന്ധിച്ച ആക്റ്റിൽനിന്നുള്ള പ്രസക്തഭാഗങ്ങൾ
## (1986-ലെ 14)

** ** ** **

15. അധികാരസ്ഥാനത്തിന്റെ അധികാരങ്ങൾ.—(1) അധികാരസ്ഥാനത്തിന്, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിന് ആവശ്യമോ യുക്തമോ ആകാവുന്ന ഏതു കാര്യവും ചെയ്യുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്;

(2) മുൻപറഞ്ഞ വ്യവസ്ഥകളുടെ പൊതു സ്വഭാവത്തിന് ഭംഗം കൂടാതെ അങ്ങനെയുള്ള അധികാരത്തിൽ താഴെ പറയുന്നവ ഉൾപ്പെടുന്നതാണ്,—

(i) ഏതെങ്കിലും തദ്ദേശസമിതിയിൽനിന്നും അതിന് ആവശ്യമെന്ന് തോന്നാവുന്ന ആനുകാലികമോ അഥവാ നിർദ്ദിഷ്ടമായതോ ആയ വിവരങ്ങൾ ശേഖരിക്കുക;

(ii) ജലവിതരണത്തിനും അഴുക്കുചാലിനുംവേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കുകയും നടപ്പിൽവരുത്തുകയും അതിനോടനുബന്ധിച്ച എല്ലാ അധികാരങ്ങളും വിനിയോഗിക്കുകയും എല്ലാ പ്രവർത്തനങ്ങളും നടപ്പിലാക്കുകയും ചെയ്യുക:

എന്നാൽ, അഞ്ച് കോടി രൂപയ്ക്കുമുകളിൽ ചെലവുവരുന്ന പദ്ധതികൾ അനുവദിക്കുന്നതിനുള്ള അധികാരം സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടിമാത്രം വിനിയോഗിക്കേണ്ടതാണ്;

(iii) ** ** **

(iv) ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനുവേണ്ടി അധികാരസ്ഥാനം ആവശ്യമെന്ന് കരുതാവുന്ന പ്രകാരമുള്ള ഏതെങ്കിലും വ്യക്തിയുമായോ ഫേമോ സ്ഥാപനവുമായോ കരാറിലോ ഉടമ്പടിയിലോ ഏർപ്പെടുക:

എന്നാൽ, അഞ്ച് കോടി രൂപയ്ക്കുമുകളിൽ വരുന്ന കരാറിലോ ഉടമ്പടിയിലോ സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി മാത്രമേ അധികാരസ്ഥാനം ഏർപ്പെടാൻ പാടുള്ളു;

(v) ** ** **

(vi) ** ** **

** ** ** **